പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

# ഇന്ദിര ആവാസ് യോജന

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1401 — 16.03.2015 ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.മുരളീധരൻ<br>" വി.റ്റി.ബൽറാം<br>" ഡൊമിനിക് പ്രസന്റേഷൻ<br>" വി.ഡി.സതീശൻ | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) |
| (എ) ഇന്ദിരാ ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) ഗ്രാമീണ മേഖലയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭവനരഹിതരായ കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുവയ്ക്കുന്നതിനുള്ള സാമ്പത്തിക, സാങ്കേതിക സഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇന്ദിരാ ആവാസ് യോജന. കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന ഭൗതിക ലക്ഷ്യത്തിന് അനുസരിച്ചുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ഗ്രാമസഭകൾ മുഖേനയാണ്. ഗ്രാമസഭകളിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ പഞ്ചായത്ത് തല മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്നു. ടി ലിസ്റ്റിലെ മുൻഗണനാക്രമം അനുസരിച്ചാണ് അർഹരായ ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്.<br>കേന്ദ്രനിർദ്ദേശം അനുസരിച്ചാണ് ഭൗതിക ലക്ഷ്യം നിശ്ചയിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്ന സാമ്പത്തിക സഹായങ്ങൾ ഏതെല്ലാമാണ്; വിശദമാക്കുമോ ; | (ബി) ഇന്ദിരാ ആവാസ് യോജനയ്ക്കായി 2012-13 വരെ കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിരുന്ന യൂണിറ്റ് കോസ്റ്റ് 48,500/- രൂപയായിരുന്നു. 2012-13 -ന് ശേഷം അത് 70,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ടി തുകയുടെ 75% കേന്ദ്രവിഹിതവും 25% സംസ്ഥാന വിഹിതവുമാണ്. |
| (സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഐ.എ.വൈ. പദ്ധതി പ്രകാരം വീട് | (സി) കേരളത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം 15.09.2011 മുതൽ പട്ടികജാതി, ജനറൽ വിഭാഗങ്ങളുടെ യൂണിറ്റ് കോസ്റ്റ് രണ്ട് |

| | |
|---|---|
| നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ? | ലക്ഷമായും പട്ടികവർഗ്ഗ വിഭാഗത്തിന്റെ യൂണിറ്റ് കോസ്റ്റ് 2.5 ലക്ഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച തുകയ്ക്കുള്ള അധിക ബാദ്ധ്യതയിൽ 2012-13 -ലേയ്ക്ക് 75,000/- രൂപ വീതവും 2013-14, 2014-15 വർഷങ്ങളിലേയ്ക്ക് 50,000/- രൂപ വീതവും സംസ്ഥാന സർക്കാർ അധികധന സഹായമായി നൽകുന്നുണ്ട്. ബാക്കി തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:40:35 അനുപാതത്തിൽ വകയിരുത്തി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ